"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന ഭവന നിർമ്മാണം, പുനരുദ്ധാരണം എന്നീ പ്രവൃത്തികളുടെ മൂല്യ നിർണ്ണയ സർട്ടിഫിക്കറ്റ് നല്കുന്നതിലേയ്ക്ക് എൽ.എസ്.ജി.ഡി. ഓവർസിയർമാരെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1758/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 27/09/2020

---

പരാമർശം:- 1 സ.ഉ.(കൈ) നം.24/2014/തസ്വഭവ, തീയതി 30.01.2014.

2 പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 24.02.2018-ലെ എ2-5021/2017 നമ്പർ കത്ത്.

3 ഗ്രാമവികസന കമ്മീഷണറുടെ 20.05.2019-ലെ 6633/H&T 5/2019/CRD നമ്പർ റിപ്പോർട്ട്.

4 നഗരകാര്യ ഡയറക്ടറുടെ 09.07.2019-ലെ DC4/9810/2019 നമ്പർ റിപ്പോർട്ട്.

5 പഞ്ചായത്ത് ഡയറക്ടറുടെ 06.08.2019-ലെ ജെ2-6194/2019 നമ്പർ റിപ്പോർട്ട്.

6 തദ്ദേശ സ്വയം ഭരണവകുപ്പ് ചീഫ് എൻജിനീയറുടെ 12.02.2020-ലെ DB1/607/20/CE/LSGD നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ വകുപ്പിലെ ഭവനനിർമ്മാണം/ അറ്റകുറ്റപ്പണി എന്നിങ്ങനെയുള്ള വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള മൂല്യ നിർണ്ണയ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള ചുമതല തദ്ദേശ സ്വയംഭരണ വകുപ്പിലെ ഓവർസിയർമാർക്ക് നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന അനുവദിച്ചിട്ടുള്ള ഭവന നിർമ്മാണം/അറ്റകുറ്റ പണികൾക്ക് നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയറിൽ കുറയാത്ത റാങ്കിലുള്ള ഉദ്യോഗസ്ഥനാണ് മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് നൽകി വരുന്നതെന്നും മിക്ക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ സേവനം കൃത്യമായും യഥാസമയങ്ങളിലും ലഭ്യമാകാതെ വരുന്നതിനാൽ, ഭവന നിർമ്മാണ പുരോഗതിയെ സാരമായി ബാധിക്കുന്നുണ്ടെന്നും ആയതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനു ബാധകമായിട്ടുള്ള സർക്കാർ ഉത്തരവ് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന അനുവദിക്കുന്ന വീടുകളുടെ വാല്യുവേഷൻ നൽകുന്നതിന് കൂടി ബാധകമാക്കി നൽകുന്നതിന് അനുമതി നൽകണമെന്നും അഭ്യർത്ഥിച്ച് കൊണ്ട് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം കത്ത് നൽകിയിരുന്നു.

3. പരാമർശിത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികവർഗ്ഗ വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന ഭവന നിർമ്മാണം, പുനരുദ്ധാരണം എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലേയ്ക്കായി ടി പ്രവൃത്തികളുടെ പൂർത്തീകരണ മൂല്യ നിർണ്ണയ സർട്ടിഫിക്കറ്റ് നല്കുന്നതിലേയ്ക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ഓവർസിയർമാരെ

ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് (E1/99/2018-SCSTDD)
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SURESH KUMAR K
Date: 2020.09.28 11:04:36 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റൂറൽ) പി.എ.യ്ക്ക്